# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2439

08.03.2017 - ൽ മറുപടിയ്ക്ക്

### കയർ സംഘങ്ങളെ ആധുനീകരിക്കാൻ പദ്ധതി

| ചോദ്യം<br>ശ്രീ.ബി.സത്യൻ | ഉത്തരം<br>ഡോ.റ്റി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) കയർ സംഘങ്ങളെ ആധുനീകരിക്കാൻ പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാം പദ്ധതികളാണ് ഉള്ളത്; | എ) കയർ സംഘങ്ങളെ ആധുനീകരിക്കുന്നതിനായി നിലവിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കയർ സംഘങ്ങൾക്ക് ഇലക്ട്രോണിക് റാട്ടുകൾ, ആട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകൾ ചകിരി ഉല്പാദനത്തിനായി 15 എച്ച്പി, 10 എച്ച്പി, ഡി.എഫ് മെഷീനുകൾ, പിച്ച് മിൽ, വില്ലോയിംഗ് മെഷീൻ, സ്ക്രീനർ എന്നിവ അനുവദിച്ചു നൽകുന്നു.<br>2. വർക്ക്ഷെഡ്, റാട്ട്ഷെഡ് എന്നിവ അടിസ്ഥാന സൗകര്യ വികസന പദ്ധതയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു<br>3. പരമ്പരാഗത റാട്ടുകളിൽ കയർ ഉല്പാദനം നടത്തിവന്നിരുന്ന കയർ തൊഴിലാളികൾക്ക് ഇലക്ട്രോണിക് റാട്ട്, എ.എസ്.എം എന്നിവയിൽ കയർ പിരിക്കുന്നതിനായി പരിശീലനം നൽകി വരുന്നു.<br>4. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/ പ്രവർത്തനമൂലധനം നൽകുന്നു.<br>5. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എംഡിഎ) നൽകി വരുന്നു.<br>6. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു.<br>7. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) നൽകി വരുന്നു.<br>8. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു. |

| | |
|---|---|
| | 9. ഉൽപ്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.<br><br>10. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് 17 കോടിയിൽ നിന്നും 77 കോടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>11. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.<br><br>12. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.<br><br>13. കയർ ജിയോ ടെക്സ്റ്റയിൽസ് വിനിയോഗം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി വിപുലീകരിക്കുന്നതിന് പരിപാടി നടപ്പിലാക്കുന്നു. |
| ബി) ആറ്റിങ്ങൽ മണ്ഡലത്തിലെ ഏതെല്ലാം സംഘങ്ങളെയാണ് ആധുനീകരണത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്; വിശദമാക്കുമോ? | ബി) ആറ്റിങ്ങൽ മണ്ഡലത്തിൽ 9 സംഘങ്ങൾ നിലവിൽ പ്രവർത്തിക്കുന്നു. ആധുനികവൽക്കരണത്തിനായി ഈ 9 സംഘങ്ങളേയും തെരഞ്ഞെടുത്തിട്ടുണ്ട് പ്രസ്തുത സംഘങ്ങളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.<br>1. വക്കം സൗത്ത് സിവിസിഎസ് ലി.നം.537<br>2. അകത്തുമുറി സിവിസിഎസ് ലി.നം.339<br>3. അകത്തു മുറി തെക്ക് സിവിസിഎസ് ലി.നം.303<br>4. വക്കം നോർത്ത് വെസ്റ്റ് സിവിസിഎസ് ലി.നം.529<br>5. നോർത്ത് വെന്നിക്കോട് സിവിസിഎസ് ലി.നം.450<br>6. കവലയൂർ സിവിസിഎസ് ലി.നം.126<br>7. പേരേറ്റിൽ സിവിസിഎസ് ലി.നം.123<br>8. വെട്ടുകാട് സിവിസിഎസ് ലി.നം.621<br>9. വക്കം കിഴക്ക് സിവിസിഎസ് ലി.നം.87 |

സെക്ഷൻ ഓഫീസർ